ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ കണ്ടെത്തുന്നതിന് സംസ്ഥാന സർക്കാർ നടത്തിയ സർവ്വേ

108 (884) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ കണ്ടെത്തുന്നതിന് സംസ്ഥാന സർക്കാർ സർവ്വേ നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ പ്രസ്തുത സർവ്വേ റിപ്പോർട്ട് അനുസരിച്ച് സംസ്ഥാനത്ത് എത്ര ശതമാനം പേർ ബി.പി.എൽ-ൽ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇതുസംബന്ധിച്ച് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ;

(ഡി) സർക്കാർ നടത്തിയ സർവ്വേ റിപ്പോർട്ട് ലഭ്യമാക്കുമോ ?

ഉത്തരം

(എ) പത്താം പദ്ധതിയ്ക്കായുള്ള ദാരിദ്ര്യരേഖാ സെൻസസ് നടന്നു വരുന്നതേയുള്ളൂ. സെൻസസ് പൂർത്തീകരിച്ചിട്ടില്ല.

(ബി) സെൻസസ് പൂർത്തിയാകുമ്പോൾ മാത്രമേ ഈ വിവരം ലഭ്യമാകൂ.

(സി&ഡി) സെൻസസ് പൂർത്തിയാകാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല.

നബാർഡ് ധനസഹായത്തോടുകൂടി നടത്തുന്ന റോഡുനിർമ്മാണം

109 (885) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി ബ്ലോക്കിൽ നിന്നും നബാർഡ് ധനസഹായത്തോടുകൂടി റോഡു നിർമ്മാണത്തിനായി നൽകിയ പ്രൊപ്പോസലുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഫണ്ടനുവദിക്കാൻ ഉണ്ടാകുന്ന കാലതാമസത്തിന്റെ കാരണം എന്തെന്ന് വിശദമാക്കാമോ ;

(സി) ആർ.ഐ.ഡി.എഫ്. 8-ൽ റാന്നി ബ്ലോക്കിന് അനുവദിച്ച ഫണ്ട് എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ഡി) ആർ.ഐ.ഡി.എഫ്. 9-ൽ എത്ര തുകയുടെ പ്രൊപ്പോസലുകൾ ആണ് റാന്നി ബ്ലോക്കിന് നൽകാൻ കഴിയുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) നബാർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കിവരുന്ന ആർ.ഐ.ഡി.എഫ് (ആർ.ഐ.ഡി.എഫ്.VIII) റോഡ് പദ്ധതിയിൽ പരിഗണിക്കാനായി താഴെപ്പറയുന്ന 5 പ്രൊപ്പോസലുകൾ റാന്നി ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1. അംഗളാംകടവ്-മുക്കംറോഡ് - 34 ലക്ഷം രൂപ
2. മുണ്ടംപാറ ഗുരുനാഥൻ മണ്ണ് റോഡ് - 35.32 ലക്ഷം രൂപ
3. കൊമ്പനോലി കുരുശു ജംഗ്ഷൻ തേക്കുമല റോഡ് - 31.60 ലക്ഷം രൂപ
4. മടന്തമൺ വരുവ-കറുമീൻചിറ റോഡ് - 52.70 ലക്ഷം രൂപ
5. കോട്ടാമ്പാറ മണക്കയം റോഡ് - 99.78 ലക്ഷം രൂപ

(ബി) മുൻഗണനാ ഇതര ബ്ലോക്കായ റാന്നി ബ്ലോക്കിന് റോഡ് പദ്ധതികൾക്കായി പരമാവധി അനുവദിക്കാവുന്ന തുക 300 ലക്ഷം രൂപയാണ്. ഇതിൽ 159.68 ലക്ഷം രൂപയുടെ റോഡുപദ്ധതികൾ ആർ.ഐ.ഡി.എഫ്. III, IV, V പദ്ധതിപ്രകാരം അനുവദിക്കുകയുണ്ടായി. ആർ.ഐ.ഡി.എഫ്.VIII-ൽ പരിഗണിയ്ക്കാനായി അയച്ചു തന്ന മേല്പറഞ്ഞ 5 പദ്ധതികളുടെയും ആകെ അടങ്കൽ തുക ബ്ലോക്കിന് അനുവദിക്കാവുന്ന 140.32, ലക്ഷം രൂപയിൽ കവിഞ്ഞതിനാൽ പ്രസ്തുത തുകയ്ക്കുള്ളിൽ നിന്നുകൊണ്ട് മുൻഗണനാക്രമം നിശ്ചയിച്ച് പ്രൊപ്പോസലുകൾ വീണ്ടും സമർപ്പിക്കുവാൻ ആവശ്യപ്പെടുകയുണ്ടായി. അതനുസരിച്ച് (എ)യിൽ പറഞ്ഞിരിക്കുന്ന ആദ്യത്തെ 4 റോഡുകളുടെ പ്രൊപ്പോസലുകൾ റാന്നി ബ്ലോക്കിൽ നിന്ന് ലഭിച്ചു. ഈ റോഡുകൾക്ക് നബാർഡിന്റെ അനുമതി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

(സി) ആർ.ഐ.ഡി.എഫ്. 8-ന് റാന്നി ബ്ലോക്കിന് തുകയൊന്നും അനുവദിച്ചിട്ടില്ല.

(ഡി) ആർ.ഐ.ഡി.എഫ്. 9-ൽ റാന്നി ബ്ലോക്കിന് ഇനി പരിഗണിയ്ക്കാവുന്നത് 140.37 ലക്ഷം രൂപയുടെ പദ്ധതികളാണ്.

ഖാദിവ്യവസായ യൂണിറ്റുകൾ പുനരുദ്ധരിക്കാൻ നടപടി

110 (886) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഖാദി മേഖലയിൽ തകർച്ചയെ നേരിടുന്ന എത്ര യൂണിറ്റുകളാണ് പ്രവർത്തിക്കുന്നത് ;

(ബി) ഇവ പുനരുദ്ധരിക്കുന്നതിന് എന്തെങ്കിലും നടപടിയ്ക്ക് രൂപം നല്കിയിട്ടുണ്ടോ ;

(സി) ഖാദിബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന സഹകരണസംഘങ്ങൾക്ക് നൽകിവരുന്ന സാമ്പത്തിക സഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ഡി) ഖാദിവ്യവസായ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങൾക്ക് മാർക്കറ്റ് കണ്ടെത്താൻ എന്തൊക്കെ സഹായങ്ങളാണ് സർക്കാർ ചെയ്തുവരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly